"ഭരണഭാഷ -മാതൃഭാഷ"

**കേരളസർക്കാർ**
**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ. ഒ.എൽ.4/4/2022/പി & എ ആർ ഡി

തിരുവനന്തപുരം,
തീയതി : 09/02/2022

**സർക്കുലർ**

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ്- ലോക മാതൃഭാഷാദിനം - സംബന്ധിച്ച്.

സൂചന :- 16.02.2018- ലെ ജി.ഒ.(ആർ.ടി) നം.90/2018/പി & എ ആർ ഡി

കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഭാഷാ-സാംസ്കാരികപരിപാടികളിൽ ഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കണമെന്ന് സൂചനയിലെ ഉത്തരവുപ്രകാരം സർക്കാർ നിർദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലോക മാതൃഭാഷാദിനമായ ഫെബ്രുവരി 21 -ന് എല്ലാ വിദ്യാലയങ്ങളിലും അധ്യാപകരും വിദ്യാർഥികളും താഴെക്കൊടുത്തിരിക്കുന്ന പ്രതിജ്ഞയെടുക്കുവാൻവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

**ഭാഷാപ്രതിജ്ഞ**

***"മലയാളമാണ് എന്റെ ഭാഷ***
***എന്റെ ഭാഷ എന്റെ വീടാണ്.***
***എന്റെ ആകാശമാണ്.***
***ഞാൻകാണുന്ന നക്ഷത്രമാണ്.***
***എന്നെത്തഴുകുന്ന കാറ്റാണ്.***
***എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.***
***എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.***
***ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്***
***എന്റെ ഭാഷയിലാണ്.***
***എന്റെ ഭാഷ ഞാൻതന്നെയാണ്. "***

മീര. എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്:
പൊതുവിദ്യാഭ്യാസവകുപ്പ് / ഉന്നതവിദ്യാഭ്യാസവകുപ്പ്
എല്ലാ സർവകലാശാലാരജിസ്ട്രാർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
പൊതുവിദ്യാഭ്യാസ ഡയറക്ടർ/ വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ/ കോളേജ് വിദ്യാഭ്യാസഡയറക്ടർ /മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ / സാങ്കേതിക വിദ്യാഭ്യാസഡയറക്ടർ / ഹയർ സെക്കൻഡറി ഡയറക്ടർ .
വെബ് & ന്യൂ മീഡിയ വിഭാഗം (വിവര-പൊതുജനസമ്പർക്കവകുപ്പ്) (പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ